**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1893** **29-09-2025 - ൽ മറുപടിയ്ക്ക്**

**അതിസുരക്ഷ നമ്പർ പ്ലേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ വാഹനങ്ങൾക്കും അതിസുരക്ഷാ നമ്പർ പ്ലേറ്റ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 2019 ഏപ്രിൽ 1 മുതൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വാഹനങ്ങളിലും അതി സുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2019 ഏപ്രിൽ ന് മുമ്പ് രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്ക് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച ടെണ്ടർ നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | 2019 ഏപ്രിൽ 1-നു മുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾക്ക് അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിന് തയ്യാറാക്കിയ ടെൻഡർ ഡോക്യുമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിക്കായി ആഗോള ടെണ്ടർ വിളിക്കാൻ തീരുമാനമെടുത്തിരുന്നോ; ഇത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ ഘടിപ്പിക്കുന്നതിന് ആഗോള ടെൻഡർ വിളിക്കുന്നതിന് തീരുമാനമെടുത്തിരുന്നു. എന്നാൽ 13/02/2025 ൽ ബഹു: ഗതാഗത വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കേരളത്തിൽ ഉൽപ്പാദനം നടത്തുന്ന കമ്പനികൾ, സ്റ്റാർട്ട് അപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയ്ക്കും ഓട്ടോമൊബൈൽ രംഗത്ത് 25 വർഷത്തെ പരിചയം ഉള്ളവർക്കും ഓർഡർ ലഭിച്ച് 24 മണിക്കൂറിനകം HSRP ഘടിപ്പിക്കാൻ പ്രാപ്തരായ കമ്പനികൾക്കും മുൻഗണന നൽകുന്ന വിധത്തിൽ ടെണ്ടർ ക്ഷണിക്കുന്നതിന് തീരുമാനിച്ചു. |
| (ഡി) | പദ്ധതിയുമായി ബന്ധപ്പെട്ട ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഡി) | ഫയലിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു |

സെക്ഷൻ ഓഫീസർ